# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 1504

03.12.2018-ൽ മറുപടിക്ക്

### കപ്പൽപാതയുമായി ബന്ധപ്പെട്ട് മത്സ്യത്തൊഴിലാളികളുടെ ആശങ്ക

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.ഹൈബി ഈഡൻ** | | **ശ്രീമതി.ജെ.മേഴ്സിക്കുട്ടി അമ്മ**<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | ഗുജറാത്ത് മുതൽ കന്യാകുമാരി വരെയുള്ള പുതിയ കപ്പൽപാത രൂപീകരണവുമായി ബന്ധപ്പെട്ട് മത്സ്യത്തൊഴിലാളികളുടെ ആശങ്ക ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | തീരത്ത് നിന്നും 15 നോട്ടിക്കൽ മൈൽ ദൂരത്ത് പ്രസ്തുത കപ്പൽപാത യാഥാർത്ഥ്യമായാൽ 85000 ചതുരശ്ര മൈൽ കടലിൽ മത്സ്യബന്ധനം നിഷേധിക്കപ്പെടും എന്നത് ശരിയാണോ; | (ബി) | തെക്കൻ കേരള തീരത്തു നിന്നും 12 മുതൽ 15 വരെ നോട്ടിക്കൽ മൈൽ പ്രദേശത്താണ് ഇപ്പോൾ കപ്പൽ പാത നില നിൽക്കുന്നത്. ഇത് മത്സ്യബന്ധന ബോട്ടുകളും കപ്പലുകളും തമ്മിൽ കൂട്ടിയിടിക്കുന്നതിന് ഹേതുവാകുന്നുണ്ട്. |
| (സി) | പ്രസ്തുത പദ്ധതി വിദേശ കപ്പലുകളെയും, ടൂറിസ്റ്റ് സംരംഭകരെയും, കോർപ്പറേറ്റുകളെയും സഹായിക്കുന്നതിനാണെന്ന ആക്ഷേപം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (സി) & (ഡി) | മത്സ്യത്തൊഴിലാളികൾ മീൻ പിടിക്കുന്ന കടൽ പ്രദേശത്ത് നിന്ന് കപ്പൽ പാത 50 നോട്ടിക്കൽമൈൽ അകലത്തേക്ക് മാറ്റണമെന്ന് കേരള സർക്കാർ കേന്ദ്ര ഗവൺമെന്റിനോട് നിരന്തരം ആവശ്യപ്പെട്ടു വരികയാണ്. ഏറ്റവുമവസാനമായി 2018 നവംബർ 10,11 തീയതികളിൽ കേരളം വിളിച്ചു ചേർത്ത ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ ഫിഷറീസ് വകുപ്പ് മന്ത്രിമാരുടേയും ഉദ്യോഗസ്ഥരുടേയും യോഗത്തിൽ കേരളം ഈ വിഷയം ശക്തമായി ഉന്നയിക്കുകയുണ്ടായി. അതിന്ശേഷം 22/11/2018 ന് കേന്ദ്ര ഷിപ്പിംഗ് വകുപ്പ മന്ത്രിക്കും ഡയറക്ടർ ജനറൽ ഓഫ് ഷിപ്പിംഗിനും വീണ്ടും കത്തെഴുതുകയുണ്ടായി. കേരള തീരത്തു നിന്ന് 50 നോട്ടിക്കൽ മൈലിനപ്പുറത്തേക്ക് നിർദ്ദിഷ്ട കപ്പൽ പാത സ്ഥാപിക്കാനാണ് ആവശ്യപ്പെട്ടിരിക്കുന്നത്. |
| (ഡി) | പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് മത്സ്യത്തൊഴിലാളി മേഖലയിലുണ്ടായിട്ടുള്ള ആശങ്ക പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ? | | |

സെക്ഷൻ ഓഫീസർ